Malayala Manorama
Tuesday October 7, 2008

# പരിശുദ്ധ പാത്രിയാർക്കീസ് ബാവായുടെ കേരള സന്ദർശനം 17 മുതൽ

കൊച്ചി: യാക്കോബായ സുറിയാനി സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയാർക്കീസ് ബാവാ 17ന് കേരളത്തിലെത്തും. 12 ദിവസം നീളുന്ന സന്ദർശനത്തിൽ അദ്ദേഹം വിവിധ പരിപാടികളിൽ പങ്കെടുക്കും.

സർക്കാർ അതിഥിയായി എത്തുന്ന പാത്രിയാർക്കീസ് ബാവാ സഭാ ആസ്ഥാനമായ പുത്തൻകുരിശ് പാത്രിയാർക്കാ സെന്ററിലാവും തങ്ങുക. 19ന് എറണാകുളം മറൈൻഡ്രൈവിൽ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനമാണ് പരിശുദ്ധ ബാവായുടെ കേരള സന്ദർശനത്തിലെ പ്രധാന പരിപാടി. കേന്ദ്ര–സംസ്ഥാന മന്ത്രിമാർ, സഹോദര സഭകളുടെ മേലധ്യക്ഷൻമാർ, രാഷ്ട്രീയ–സാമൂഹിക–സാംസ്കാരിക നേതാക്കൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും.

പാത്രിയാർക്കീസ് ബാവായുടെ അധ്യക്ഷതയിൽ എപ്പിസ്കോപ്പൽ സുനഹദോസ്, യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, സഭാ മാനേജിങ് കമ്മിറ്റി എന്നിവ യോഗം ചേരും. ഓമല്ലൂരിൽ ഏലിയാസ് തൃതീയൻ പാത്രിയാർക്കീസ് ബാവായുടെ കബറിങ്കലും മലേക്കുരിശിൽ ബസേലിയോസ് പൗലോസ് ദ്വിതിയൻ കതോലിക്കാ ബാവായുടെ കബറിങ്കലും പാത്രിയാർക്കീസ് ബാവാ പ്രാർഥന നടത്തും. പുത്തൻകുരിശ് പാത്രിയാർക്കാ സെന്ററിൽ നടക്കുന്ന ചടങ്ങിൽ ശക്രള്ളമാർ ബസേലിയോസ് ബാവാ, യുയാക്കിം മാർ കൂറിലോസ് ബാവാ, പൗലോസ് മാർ കൂറിലോസ് എന്നിവരെ പരിശുദ്ധ ബാവാ വിശുദ്ധരായി പ്രഖ്യാപിക്കും. പുതുപ്പള്ളി, തിരുവല്ല, കാവുംഭാഗം പള്ളികളുടെ കൂദാശയും അദ്ദേഹം നിർവഹിക്കും. കോതമംഗലം ചേലാട് മാർ ഗ്രീഗോറിയോസ് ഡന്റൽ കോളജ്, എംഎ കോളജ് എന്നിവിടങ്ങൾ അദ്ദേഹം സന്ദർശിക്കും. പുത്തൻകുരിശ് പാത്രിയാർക്കാ സെന്ററിൽ ചേരുന്ന സൺഡേ സ്കൂൾ–ഭക്ത സംഘടനകളുടെ സംയുക്ത യോഗത്തിൽ പങ്കെടുക്കും.

29നു പാത്രിയാർക്കീസ് ബാവാ മടങ്ങും. സന്ദർശനം വിജയകരമാക്കാൻ യാക്കോബായ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രീഗോറിയോസ് ചെയർമാനായുള്ള ജനറൽ കമ്മിറ്റിയും മറ്റു മെത്രാപ്പൊലീത്തമാർ ചെയർമാൻമാരായുള്ള ഉപസമിതികളും പ്രവർത്തിച്ചുവരുന്നു.

പാത്രീയാർക്കീസ് ബാവായുടെ സന്ദർശനത്തിനു മുന്നോടിയായി 12നു കുർബാനയ്ക്കുശേഷം എല്ലാ പള്ളികളിലും പാത്രിയാർക്കാ പതാക ഉയർത്തുമെന്നു ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ അറിയിച്ചു.

സന്ദർശനം വിളംബരം ചെയ്തുകൊണ്ട് തിരുവനന്തപുരം, ഇടുക്കി, മീനങ്ങാടി എന്നിവിടങ്ങളിൽനിന്നു വിളംബര ഘോഷയാത്ര നടത്തും. പ്രധാന പള്ളികളിലൂടെ നടത്തുന്ന വിളംബര ഘോഷയാത്രകൾ 16നു വൈകിട്ടു പുത്തൻകുരിശ് പാത്രിയാർക്കാ സെന്ററിൽ സംഗമിക്കും.

അവിടെനിന്ന് എറണാകുളം മറൈൻഡ്രൈവിലേക്കു നീങ്ങുന്ന ഘോഷയാത്ര സമ്മേളന വേദിയായ മാർ ഇഗ്നാത്തിയോസ് നഗറിൽ സമാപിക്കും. തുടർന്നു പതാക ഉയർത്തും.